## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

05.10.2016-ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.231

## തിരുവിതാംകൂർ ഫോക് ലോർ വില്ലേജ് പദ്ധതി

| **ചോദ്യം** | **ഉത്തരം** |
|---|---|
| ഡോ.എൻ.ജയരാജ് | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) കോട്ടയം ജില്ലയിൽ തിരുവിതാംകൂർ ഫോക് ലോർ വില്ലേജ് സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; | (എ) ഉണ്ട്. |
| (ബി) ആയതിന്റെ നടപടികൾ ഏതു ഘട്ടത്തിലാണ്; നടപ്പാക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും കേരള ഫോക് ലോർ അക്കാദമിയുടെ കീഴിൽ കോട്ടയം ജില്ലയിലെ വെള്ളാവൂരിൽ ട്രാവൻകൂർ ഫോക് ലോർ വില്ലേജ് സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. പദ്ധതിക്കായി വെള്ളാവൂർ വില്ലേജിൽ 50 സെന്റ് സർക്കാർ പുറമ്പോക്ക് ഭൂമി സാംസ്കാരിക വകുപ്പിന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്. ബഹു.ഡോ.എൻ.ജയരാജ് എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 1.25 കോടി രൂപ കൂടി അനുവദിച്ച് പുതുക്കിയ ഭരണാനുമതി നൽകുകയും, പ്രസ്തുത പ്രവൃത്തി ലെറ്റർ ഓഫ് ക്രെഡിറ്റിൽ ഉൾപ്പെടുത്തി തുപാർശ ലഭ്യമാക്കുവാൻ പൊതുമരാമത്ത് വകുപ്പ് കെട്ടിടവിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു എങ്കിലും ടി നിർമ്മാണ പ്രവൃത്തി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമായ തുക ഫോക് ലോർ അക്കാദമിക്ക് അനുവദിച്ച് പദ്ധതി പ്രാവർത്തികമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (സി) പ്രസ്തുത പദ്ധതിക്കായി തുക വകയിരുത്തിയിട്ടുണ്ടോ എന്നും പദ്ധതി പൂർത്തീകരിക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ? | |

സെക്ഷൻ ഓഫീസർ